# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3172 28.01.2014 - ൽ മറുപടിക്ക്

## കായംകുളം മണ്ഡലത്തിലെ മരാമത്ത് പണികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. കെ. സദാശിവൻ : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം - കാർത്തികപ്പള്ളി റോഡ് രണ്ട് ലൈൻ റോഡായി പുനരുദ്ധരിക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ; | (എ) | കായംകുളം - കാർത്തികപ്പള്ളി റോഡ് നിർമ്മാണ പ്രവർത്തനം സി. ആർ. എഫ് സ്കീമിൽ ഉൾപ്പെടുത്തി, ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിൽ ആണ്. |
| (ബി) | കായംകുളം സർക്കാർ വനിതാ പോളിടെക്നിക്കിന് ആഡിറ്റോറിയം, ലൈബ്രറി, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ ഭരണാനുമതിയ്ക്കായി പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; | (ബി) | ആഡിറ്റോറിയം, ലൈബ്രറി എന്നിവയുടെ നിർമ്മാണത്തിനുള്ള 460 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ടെക്ക്നിക്കൽ എഡ്യുക്കേഷൻ ഡയറക്ടർക്ക് ഭരണാനുമതി ലഭിക്കുന്നതിനായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയ്ക്ക് 854 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിനെ തുടർന്ന് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം സാങ്കേതിക അനുമതിയ്ക്കുള്ള വിശദമായ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കായംകുളം ജുഡീഷ്യൽ കോംപ്ലക്സ്, ഓഫീസേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ? | (സി) | കായംകുളം ജുഡീഷ്യൽ കോംപ്ലക്സിന്റെ നിർമ്മാണത്തിനായി ആർക്കിടെക്ചറൽ ഡിസൈൻ, ടെന്റേറ്റീവ് സ്ട്രക്ച്ചറൽ ഡിസൈൻ, മണ്ണു-പരിശോധന എന്നിവ പൂർത്തിയാക്കി കഴിഞ്ഞ് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.<br><br>ഓഫീസേഴ്സ് ക്വാർട്ടേഴ്സിന്റെ നിർമ്മാണത്തിനായുള്ള സ്ഥലം കായംകുളം ജുഡീഷ്യൽ കോംപ്ലക്സിന്റെ നിർമ്മാണത്തിനുശേഷം മാത്രമേ ലഭ്യമാവുകയുള്ളു. |

സെക്ഷൻ ഓഫീസർ